# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1372 | 04.12.2014-ൽ മറുപടിയ്ക്ക് |

## ഒറ്റ തവണ നവീകരണ പദ്ധതി

| ചോദ്യം<br>ശ്രീ.ജി.സുധാകരൻ | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അമ്പലപ്പുഴ മണ്ഡലത്തിലെ എത്ര ഗ്രാമീണ റോഡുകളെ ഒറ്റതവണ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അമ്പലപ്പുഴ മണ്ഡലത്തിൽ ഒറ്റതവണ നവീകരണ പദ്ധതിയിൽ റോഡുകളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കുവാനുള്ളതെന്ന് വ്യക്തമാക്കാമോ ; | (ബി) & (സി) 'എ' യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല. |
| (സി) ഒറ്റത്തവണ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ റോഡുകൾ നവീകരിച്ച ഇനത്തിൽ അമ്പലപ്പുഴ മണ്ഡലത്തിൽ എന്തു തുക നൽകുവാനുണ്ട്; വിശദമാക്കാമോ | |
| (ഡി) 2014 - 2015 സാമ്പത്തിക വർഷത്തിൽ ഒറ്റ തവണ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ റോഡുകൾ നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ; | (ഡി) 2014 - 2015 സാമ്പത്തിക വർഷത്തിൽ ഒറ്റ തവണ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ റോഡുകൾ നവീകരിക്കാൻ തുക വകയിരുത്തിയിട്ടില്ല. |
| (ഇ) ഒറ്റ തവണ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്താൻ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ; എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന റോഡുകൾക്ക് മുൻഗണന നൽകുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഇ) ഗ്രാമീണ റോഡുകളുടെ പ്രാധാന്യവും അതിന്റെ നിലവിലുള്ള അവസ്ഥയും ജനപ്രധിനിധികളുടെ നിർദ്ദേശങ്ങളും പരിഗണിച്ചാണ് പ്രൊപ്പോസൽ തയ്യാറാക്കുന്നത്. എം.എൽ.എ. മാരുടെ നിർദ്ദേശങ്ങളും മുൻഗണന നൽകി പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ